"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ആകാശ് രവി - യെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5429/2024/GAD തീയതി,തിരുവനന്തപുരം, 09-12-2024

---

പരാമർശം:-
1. 28.02.2023 - ലെ സ്പെഷ്യൽ.ഇ2/248/2022-പൊ.ഭ.വ നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
2. 28.10.2023 -ലെ സ.ഉ. (സാധാ) നം. 4904/2023/പൊ.ഭവ.
3. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച 25.01.2024 - ലെ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് സംഘ് എന്ന സംഘടനയുടെ പ്രസിഡന്റുമായ ശ്രീ. ആകാശ് രവി, ബഹു. മുഖ്യമന്ത്രിയ്ക്കെതിരെ അങ്ങേയറ്റം അപകീർത്തികരമായ നോട്ടീസ് ടിയാന്റെ സംഘടനയുടെ പേരിൽ പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട് കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥനാണ്.

2) കൂടാതെ, ടിയാൻ പാലക്കാട് ജില്ലാ നിയമ ഓഫീസറായി ജോലി ചെയ്തിരുന്ന കാലയളവിൽ പാലക്കാട് (എൽ ആർ) തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ (എൽ ആർ) എന്നിവരുമായി ചേർന്ന് നിയമ വിരുദ്ധ പ്രവൃത്തികൾ നടത്തുന്നതായും കൈക്കൂലി വാങ്ങുന്നതായുമുള്ള പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടതിനാൽ വിജിലൻസ് അന്വേഷണത്തിന് ജില്ലാ കളക്ടർ ശിപാർശ നൽകുകയും ജില്ലാ നിയമ ഓഫീസറായിരുന്ന ശ്രീ. ആകാശ് രവി - യെ പാലക്കാട് കളക്ടറേറ്റിൽ നിന്നും സ്ഥലം മാറ്റണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ടിയാനെ കാസർകോഡ് നിയമ ഓഫീസറായി മാറ്റി നിയമിക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിലും ടിയാൻ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി നേരിടുകയാണ്.

3) മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ നോട്ടീസ് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. ആകാശ് രവിക്കെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിക്രമങ്ങളുടെ ഭാഗമായി പരാമർശം (1) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ, അച്ചടക്ക നടപടികളുമായി മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയായ ശ്രീ. ജി. ഹരികുമാറിനെ പരാമർശം (2) പ്രകാരം അന്വേഷണ അധികാരിയായി നിയമിക്കുകയും ചെയ്തു. തുടർന്ന് 12.12.2023 - ന് അന്വേഷണ അധികാരി ശ്രീ. ആകാശ് രവിയെ നേരിൽക്കേൾക്കുകയുണ്ടായി. എന്നാൽ, അൻപതിനായിരം രൂപ നൽകുകയും ദേശാഭിമാനി

വരിക്കാരനാകുകയും ചെയ്താൽ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിക്കൊടുക്കാമെന്നു അന്വേഷണ അധികാരിയായ പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. ജി. ഹരികുമാർ വാഗ്ദാനം നൽകിയെന്നും, ഹിയറിംഗ് പൂർത്തിയായി 5 മാസങ്ങൾക്ക് ശേഷം ശ്രീ. ആകാശ് രവി ആരോപണം ഉന്നയിക്കുകയുണ്ടായി.

4) കറപുരളാത്ത സർവ്വീസ് ജീവിതത്തിനുടമയായ ഒരു ഉദ്യോഗസ്ഥനെതിരെ തികച്ചും അവാസ്തവമായ കാര്യങ്ങൾ ഹിയറിംഗ് കഴിഞ്ഞ് അഞ്ച് മാസങ്ങൾക്കു ശേഷം രേഖാമൂലം എഴുതി നൽകി, അദ്ദേഹത്തിന്റെ സത്യസന്ധതയ്ക്കും ധാർമ്മികതയ്ക്കും കർമ്മോൽസുകതയ്ക്കും കളങ്കമുണ്ടാകുന്ന രീതിയിൽ അരോപണം ഉന്നയിച്ച് അച്ചടക്ക നടപടി വഴി തിരിച്ചു വിടാൻ ശ്രമിച്ച ശ്രീ. ആകാശ് രവി തികഞ്ഞ അച്ചടക്കലംഘനം നടത്തിയിരിക്കുകയും 1960 - ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചിരിക്കുകയും ചെയ്തിരിക്കുകയാണ്.

5) മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും കാസർകോഡ് ജില്ലാ നിയമ ഓഫീസറുമായ ശ്രീ ആകാശ് രവി (പെൻ- 152273) - യെ 1960 - ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10 (1) (a) പ്രകാരം സർക്കാർ സേവനത്തിൽ നിന്നും ഉടൻ പ്രാബല്യത്തിൽ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) സസ്പെൻഷൻ കായലയളവിൽ ടിയാന് കെഎസ്ആർ ഭാഗം 1, ചട്ടം 55 പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ആകാശ് രവി, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
നിയമ സെക്രട്ടറി, നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർകോട്
ഡയറക്ടർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 10-12-2024 11:25:40
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പി.എസ് - ന്

ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ - യ്ക്ക്